സരിച്ചല്ലേ നിലവിലുള്ള ബില്ലുകൾ പി. എസ്സ്. പി. സക്കാർ എഴുതി ഉണ്ടാക്കിയതു് ;

(ബി) കാൺഗ്രസ്സു് മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ പുതിയ നിർദ്ദേശങ്ങൾ വല്ലതും പ്ലാനിംഗ് കമ്മിഷൻ തന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പ്ലാനനുസരിച്ചു ബില്ലു് വ്യത്യാസപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഭൂനയത്തെപ്പറ്റിയുള്ള കാൺഗ്രസ്സിന്റെ അഭിപ്രായം സംബന്ധിച്ചു് തിരുവിതാംകൂർ–കൊച്ചി പ്രദേശ് കാൺഗ്രസ്സു് കമ്മിറ്റി ഒരു പ്രമേയം പാസ്സാക്കിയിട്ടുള്ളതായി അറിയാം. അതു് പി. സി. സി. ബുള്ളറ്റിനിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. നിലവിലുള്ള ബില്ലുകൾ പി. എസ്സ്. പി. സക്കാർ തയ്യാറാക്കിയതു് പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശമനുസരിച്ചല്ല.

(ബി) കാൺഗ്രസ്സു് മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ പുതിയ നിർദ്ദേശങ്ങൾ പ്ലാനിംഗ് കമ്മീഷൻ തന്നിട്ടില്ല.

കാർഷികാവശ്യങ്ങൾക്കു് ലഭിച്ച ഇരുമ്പും, ഉരുക്കും.

* 866. [19] ശ്രീ. എൻ. രാഘവക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955–56–ൽ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ കാർഷികാവശ്യങ്ങൾക്കായി എത്ര ടൺ ഇരുമ്പും, ഉരുക്കും ലഭിച്ചിട്ടുണ്ടു് ;

(ബി) അവ കൃഷിക്കാർക്കു് കിട്ടത്തക്കവിധത്തിൽ വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ എന്തെല്ലാം ;

(സി) ഇപ്രകാരം കിട്ടുന്ന ഇരുമ്പും, ഉരുക്കും കൊണ്ടുള്ള കാർഷികോപകരണങ്ങളുടെ വില്പനവില നിയന്ത്രിച്ചിട്ടുണ്ടോ എന്നു് പരിശോധിക്കുന്നതിനു് ഗവണ്മെന്റിനു് എന്തെങ്കിലും ഏർപ്പാടുകൾ ഉണ്ടോ ;

(ഡി) കാർഷികാവശ്യങ്ങൾക്കായി കിട്ടുന്ന ഇരുമ്പും, ഉരുക്കും മറ്റാവശ്യങ്ങൾക്കു് ഉപയോഗിക്കാറുണ്ടോ ?

ആരോഗ്യവകുപ്പു് മന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 159 ടൺ, 13 ഹ: 78 റാത്തൽ ഇരുമ്പു് ലഭിച്ചിട്ടുണ്ടു്.

(ബി) കൃഷിയാവശ്യങ്ങൾക്കായി ഇരുമ്പു് ആവശ്യമുള്ളവർ കൃഷി ഡിപ്പാർട്ടുമെന്റിൽ അപേക്ഷിച്ചാൽ സ്റ്റാക്കനുസരിച്ചു പെർമിറ്റു കൊടുക്കുന്നതും, ആ പെർമിറ്റുപ്രകാരം സ്റ്റോക്കിസ്റ്റിന്റെ പക്കൽനിന്നും ലഭിക്കുന്നതുമാണു്.

(സി) വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

(ഡി) മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി ഗവണ്മെന്റിനു് അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly